**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 449** **11-08-2021 - ൽ മറുപടിയ്ക്ക്**

**കൊവിഡാനന്തര ചികിത്സകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡിന്റെ അനന്തര ഫലങ്ങളെക്കുറിച്ച് പഠിക്കുവാനും നിരീക്ഷിക്കുവാനും ആരോഗ്യവകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കോവിഡ് രോഗ മുക്തരായ നിരവധി ആളുകളിൽ കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ പ്രത്യക്ഷപ്പെടുന്നതായി ജില്ലകളിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. ഈ രോഗങ്ങളെ നിരീക്ഷിക്കുവാനും രോഗബാധിതർക്ക് കൃത്യമായ ചികിത്സ നൽകുന്നതിനും സംസ്ഥാന ആരോഗ്യവകുപ്പ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ആരംഭിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ സജ്ജീകരിച്ചിട്ടുള്ള ഈ ക്ലിനിക്കുകളിലൂടെ ആയിരക്കണക്കിന് രോഗികൾക്ക് ചികിത്സ നൽകി വരുന്നു. ആരോഗ്യവകുപ്പിന് കീഴിൽ 1185 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി പ്രവർത്തിച്ച് വരുന്നു. നാളിതുവരെ രണ്ടരലക്ഷത്തോളം ജനങ്ങൾ വിവിധ രോഗലക്ഷണങ്ങളുമായി ഈ ക്ലിനിക്കുകൾ സന്ദർശിച്ചിട്ടുണ്ട്. ഇതിനായുള്ള പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വിദഗ്ധരുടെ സഹായത്തോട് കൂടി നൽകി വരുന്നു. |
| (ബി) | കൊവിഡാനന്തര ചികിത്സാ രീതികൾ പ്രതിപാദിക്കുന്ന മാർഗ്ഗരേഖകൾ വൈദ്യശാസ്ത്രത്തിന്റെ വിവിധ വിഭാഗങ്ങൾക്ക് അനുസൃതമായി തയ്യാറാക്കുവാൻ ഒരു റിസർച്ച് സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതും അവലോകനം ചെയ്യുന്നതും സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ആർ.ആർ.ടി (Rapid Response Team) സെല്ലാണ്. ഇപ്പോഴത്തെ പരിമിതമായ സാഹചര്യങ്ങളിൽ രോഗനിരീക്ഷണവും ചികിത്സയും വിവരശേഖരണവും മാത്രമാണ് ആരോഗ്യവകുപ്പ് നടത്തി കൊണ്ടിരിക്കുന്നത്. ഇത് ഗവേഷണോന്മുഖമായി ഒരു ശാസ്ത്രീയ സമിതിയുടെ രൂപത്തിൽ വിവിധ രോഗങ്ങളെ കുറിച്ചുള്ള പഠനങ്ങൾ ഉൾപ്പെടുത്തികൊണ്ട് വിപുലീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ശ്വാസകോശ പ്രശ്നങ്ങൾ, നാഡീരോഗങ്ങൾ, ഫംഗസ് രോഗങ്ങൾ എന്നിവയുടെ വ്യാപനം നിയന്ത്രിക്കുന്നതിന് ഊന്നൽ കൊടുത്തുള്ള പ്രത്യേക പഠനം നടത്തുവാൻ നിർദ്ദേശം നൽകുമോ? | (സി) | കോവിഡാനന്തര രോഗങ്ങളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ ശ്വാസകോശ രോഗങ്ങളോടൊപ്പം തന്നെ ഹൃദ്രോഗങ്ങളും മാനസികാരോഗ്യ പ്രശ്നങ്ങളും മറ്റ് ആരോഗ്യ പ്രശ്നങ്ങളും കണ്ടു വരുന്നതിനാൽ ഈ രോഗങ്ങൾക്കെല്ലാം പ്രത്യേക പരിഗണന നൽകി വരുന്നു. ഫംഗസ് രോഗങ്ങൾ ഉൾപ്പെടെ സാധാരണമല്ലാത്ത ആരോഗ്യ പ്രശ്നങ്ങൾ കൂടി കോവിഡാനന്തര രോഗങ്ങളുടെ ഭാഗമായി കണ്ടുവരുന്നത് ഈ വിഷയത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. ഇതിനോടൊപ്പം തന്നെ കുട്ടികളിൽ കണ്ടുവരുന്ന മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS – C) എന്ന ആരോഗ്യ പ്രശ്നവും ഗൗരവമുള്ളതാണ്. ഈ വിഷയങ്ങൾ പഠന വിധേയമാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ